Spl Cell/E9/459/2018

സാമൂഹ്യനീതി ഡയറക്ടറുടെ കാര്യാലയം,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി. 24 - 01 - 2018

# പരിപത്രം

വിഷയം : സാമൂഹ്യ നീതി വകുപ്പ്- ഡിപിസി (ലോവർ) കൂടുന്നത് – കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നത് – സംബന്ധിച്ച്
സൂചന:

സാമൂഹ്യനീതി വകുപ്പിലെ വിവിധ തസ്തികകളിൽ 2018 വർഷം ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഡിപിസി (ലോവർ) ന്റെ പരിധിയിൽ വരുന്ന ചുവടെപ്പറയുന്ന ജീവനക്കാർ 2015,2016,2017 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിയ്ക്കേണ്ടതാണ്.

1. **<u>സൂപ്പർവൈസർ, ഐസിഡിഎസ്</u>**

സാമൂഹ്യനീതി ഡയറക്ടറുടെ 28/07/2017 ലെ ഇ9/18816/06 സാക്ഷേവ നമ്പർ സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നമ്പർ 225 മുതൽ 325 വരെ വരുന്ന ഐസിഡിഎസ് സൂപ്പർവൈസർമാർ 2015,2016,2017 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സെൽഫ് അസസ്മെന്റും സമർപ്പിയ്ക്കേണ്ടതാണ്.

മേൽപറഞ്ഞിരിയ്ക്കുന്ന സീനിയോറിട്ടി ക്രമ നമ്പരുകൾക്കു മുന്നിലോ, മുൻകാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിട്ടി ലിസ്റ്റുകളിൽ പേരു വന്നിട്ടുള്ളവരും എന്നാൽ വിവിധ കാരണങ്ങളാൽ മുൻ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടാതെ പോയവരുമായ സൂപ്പർവൈസർമാർ ഇപ്പോൾ സർവ്വീസിൽ തുടരുന്നവരുണ്ടെങ്കിൽ ടി ജീവനക്കാരും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സെൽഫ് അസസ്മെന്റും സമർപ്പിയ്ക്കേണ്ടതും പ്രസ്തുത വിവരം ആമുഖ കത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

2017 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരും എന്നാൽ ശിശുവികസന പദ്ധതി ഓഫീസർമാരായി ഇനിയും ഉദ്യോഗക്കയറ്റം ലഭിയ്ക്കാത്തവരുമായ സൂപ്പർവൈസർമാർ 2017 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സെൽഫ് അസസ്മെന്റും കൂടി സമർപ്പിയ്ക്കേണ്ടതാണ്.

2. **<u>ജൂനിയർ സൂപ്രണ്ട്</u>**

സാമൂഹ്യനീതി ഡയറക്ടറുടെ 02/11/2017 ലെ ഇ9/30033/17 സീനിയോറിട്ടി ലിസ്റ്റിൽ ക്രമ നമ്പർ 82 മുതൽ 87 വരെ വരുന്ന ജൂനിയർ സൂപ്രണ്ടുമാർ 2015,2016,2017 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സെൽഫ് അസസ്മെന്റും സമർപ്പിയ്ക്കേണ്ടതാണ്.

2017 ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരും എന്നാൽ സീനിയർ സൂപ്രണ്ടായി ഇനിയും ഉദ്യോഗക്കയറ്റം ലഭിയ്ക്കാത്തവരുമായ ജൂനിയർ സൂപ്രണ്ടുമാർ 2017 ലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും സെൽഫ് അസസ്മെന്റും കൂടി സമർപ്പിയ്ക്കേണ്ടതാണ്.

ജീവനക്കാർ 2015,2016,2017 വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷക്രമത്തിൽ തയ്യാറാക്കി റിപ്പോർട്ടിങ്, റിവ്യൂയിങ് എന്നിവയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സാക്ഷ്യപ്പെടുത്തൽ വരുത്തി 12/02/2018 നുള്ളിൽ ഈ കാര്യാലത്തിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളോടും ജീവനക്കാർ സെൽഫ് അസസ്മെന്റും കൂടി ഉൾപ്പെടുത്തേണ്ടതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഉത്തരവിന്റെ പകർപ്പും പകർപ്പില്ലാത്ത പക്ഷം സേവനപുസ്തകത്തിൽ വ്യക്തിപര വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ആദ്യപേജിന്റെയും പ്രൊബേഷൻ ഡിക്ലയർ ചെയ്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള പേജിന്റെയും പകർപ്പുകൾ കാര്യാലയ മേധാവി സാക്ഷ്യപ്പെടുത്തി റിപ്പോർട്ടിനൊപ്പം സമർപ്പിയ്ക്കേണ്ടതാണ്. **അതിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ള പേജിന്റെ പകർപ്പിൽ കാര്യാലയമേധാവി ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് രേഖപ്പെടുത്തി ഒപ്പിടേണ്ടതാണ്.** 2015,2016 ലെ റിപ്പോർട്ടുകൾ ഇതിനകം സമർപ്പിച്ചിട്ടുള്ളവർ 2017 ലെ റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകും.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട് എന്നത് ജീവനക്കാർ ഈ കാര്യാലയവുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേതാണ്. ജീവനക്കാർ തങ്ങളുടെ മൊബൈൽ ഫോൺ നമ്പരുകൾ കോൺഫിഡൻഷ്യൽ റിപ്പോർട്ടിന്റെ മുകളിൽ രേഖപ്പെടുത്തേതാണ്.

ഇക്കാര്യത്തിൽ മറ്റൊരു അറിയിപ്പ് ഉണ്ടാകില്ലെന്നും ആയതിനാൽ **12/02/2018 നുള്ളിൽ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിയ്ക്കാത്ത ജീവനക്കാരെ ഒഴിവാക്കി ഡി.പി.സി (ലോവർ) കൂടുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിയ്ക്കുന്നു.**

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ കാര്യാലയമേധാവികൾക്കും
സൂപ്രണ്ട്, ഐറ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)